E-mail
25/02/19

SS/HC
(1) ഫയൽ
(1) ജില്ലാ

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - സർക്കാരിന്റെ ആയിരം ദിനാഘോഷം - മാർജിൻ മണി കുടിശ്ശിക ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി തിരിച്ചടവ് - ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവാകുന്നു.

**വ്യവസായ (ബി) വകുപ്പ്**

**സ.ഉ.( കൈ ) നം17/2019/വ്യവ.** **തീയതി, തിരുവനന്തപുരം. 22/02//2019**

പരാമർശം : 1. സ.ഉ (കൈ) നം: 232/1979/വ്യവ തീയതി 22.05.1979
2. സ.ഉ (സാധാ) നം: 805/2002/വ്യവ തീയതി 07.09.2002
3. സ.ഉ (സാധാ) നം. 595/2016/വ്യവ തീയതി 07.07.2016
4. സ.ഉ (സാധാ) നം. 459/2017/വ്യവ തീയതി 24.03.2017

**ഉത്തരവ്**

സംസ്ഥാനത്ത് ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് അർഹരായ സംരംഭകർക്ക് ബാങ്കുകൾ തുടങ്ങിയ സാമ്പത്തിക സ്ഥാപനങ്ങൾ മുഖേന ധനസഹായം ലഭിക്കുന്നതിന് പുറമേ സർക്കാർ സഹായമായി സോഫ്റ്റ് ലോൺ നൽകുന്നതിനുള്ള പദ്ധതി ( മാർജിൻ മണി ലോൺ) പരാമർശം (1) ലെ ഉത്തരവ് പ്രകാരം പ്രഖ്യാപിച്ചിരുന്നു. അപ്രകാരം വ്യവസായ വകുപ്പ് വഴി സ്വീകരിച്ച മാർജിൻ മണി തുക നിരവധി സംരംഭകർക്ക് യഥാസമയം അടച്ചുതീർക്കാൻ കഴിയാത്ത സാഹചര്യത്തിൽ സംരംഭകരുടെ മാർജിൻ മണി ലോൺ തീർപ്പാക്കുന്നതിനായി 'ഒറ്റതവണ തീർപ്പാക്കൽ പദ്ധതി (OTS)' പരാമർശം (2) ലെ ഉത്തരവ് പ്രകാരം പ്രഖ്യാപിച്ചിരുന്നു. അതിലും പുരോഗതി കാണാത്ത സാഹചര്യത്തിൽ സ്കീമിന്റെ കാലാവധി നീട്ടികൊണ്ട് 3, 4 പ്രകാരമുള്ള ഉത്തരവുകളും പുറപ്പെടുവിച്ചിരുന്നു.

മേൽപറഞ്ഞ നടപടികളിലൂടെ ഏകദേശം 50% വായ്പ തുക മാത്രമേ സർക്കാരിലേക്ക് തിരികെ ലഭിക്കാൻ കഴിഞ്ഞുള്ളു. മുതൽ തുകയും, പലിശയും, പിഴ പലിശയുമുൾപ്പെടെ വലിയൊരു തുക സർക്കാരിന് ഇനിയും തിരികെ ലഭിക്കാനുണ്ട്.

സംസ്ഥാനത്ത് അടുത്തിടെ ഉണ്ടായ പ്രളയം കനത്ത നാശം വിതച്ച സാഹചര്യത്തിൽ വ്യവസായ സംരംഭകരെ സഹായിക്കുന്നതിനായി വിവിധ നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണ്.

പ്രളയാനന്തര സഹായ നടപടികളുടെ ഭാഗമായി സംസ്ഥാനത്ത് വ്യവസായ സംരംഭകർ, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന എടുത്തിട്ടുള്ള വായ്പകളുടെ മാർജിൻ മണി കുടിശ്ശിക വരുത്തിയിട്ടുള്ള സംരംഭകരെ സഹായിക്കുന്ന കാര്യം പ്രത്യേകമായി പരിശോധിച്ചു.

സർക്കാരിന്റെ ആയിരം ദിനാഘോഷത്തിന്റെ ഭാഗമായി ഈ ഗണത്തിൽപ്പെട്ടവർക്ക് പ്രത്യേക ആനുകൂല്യം എന്ന നിലയിയിൽ താഴെ പറയും പ്രകാരം ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചുകൊണ്ട് സർക്കാർ ഉത്തരവാകുന്നു.

(I)വായ്പകളുടെ മാർജിൻ മണി കുടിശ്ശിക 20.02.2019 മുതൽ 30.04.2019 വരെയുള്ള കാലയളവിൽ ഒറ്റ തവണയായി പൂർണ്ണമായും അടച്ചു തീർക്കുന്നവർക്ക് പിഴ പലിശ പൂർണ്ണമായും ഒഴിവാക്കുന്നു.

(II)വായ്പകളുടെ മാർജിൻ മണി കുടിശ്ശിക തുക 30.04.2019- നകം ഒറ്റ തവണയായി (O.T.S) അടച്ചു തീർക്കുന്നവർക്ക് മാർജിൻ മണിയുടെ സാധാരണ പലിശയുടെ 50% തുക ഇളവ് അനുവദിക്കുന്നു.

( ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ.ഷർമിള മേരി ജോസഫ്**
**സെക്രട്ടറി**

പകർപ്പ്:-

ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
പൊതുഭരണ (എസ് സി) വകുപ്പ് [ 19.02.2019- OA No 2871 പ്രകാരം]
വ്യവസായ വകുപ്പിലെ എല്ലാം സെക്ഷനുകൾക്കും
വിവര പൊതുജന സമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
(signature)
സെക്ഷൻ ഓഫീസർ

Endt NO DIC/1272/2019-FC dtd 23/2/2019

Copy communicated to all GMs for wide publicity & urgent necessary actn

(signature)

For Director of Industries & Comms